# ECO CLUB – ANNUAL REPORT
## HOLY FAMILY HIGH SCHOOL ANGAMALY

==========================================================

ജൈവവൈവിധ്യത്താൽ സമ്പന്നമായ നമ്മുടെ ഗ്രഹത്തിൽ, എല്ലാത്തരം മൃഗങ്ങളും ഒരുമിച്ച് വസിക്കുന്ന മനോഹരവും കൗതുകകരവും ഉയർന്നതുമായ മരങ്ങൾ ഉൾപ്പെടെ ദശലക്ഷക്കണക്കിന് ഇനങ്ങളുണ്ട്. എല്ലാ മൃഗങ്ങളും അവയുടെ ഭക്ഷണത്തിനായി സസ്യങ്ങളെയും മൃഗങ്ങളെയും ആശ്രയിക്കുന്നു. മനുഷ്യർ പ്രകൃതിയുടെ സൃഷ്ടികളാണ്. അവരുടെ നിലനിൽപ്പിന് ആവശ്യമായതെല്ലാം അവർ പ്രകൃതിയിൽ നിന്ന് വലിച്ചെടുക്കുന്നു. അവർ ശ്വസിക്കുന്ന വായു, അവർ കുടിക്കുന്ന വെള്ളം, അവർ കഴിക്കുന്ന ഭക്ഷണം, അവർ ദിവസവും ഉപയോഗിക്കുന്ന ആയിരക്കണക്കിന് സാധനങ്ങൾ – എല്ലാം പ്രകൃതിയിൽ നിന്ന് വരുന്നു. ഈ ഗ്രഹത്തിൽ ആരോഗ്യകരമായ ഒരു ജൈവമണ്ഡലത്തിന്റെ നിലനിൽപ്പിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് പരിസ്ഥിതി ഉത്തരവാദിയാണ്. നമ്മുടെ ജീവിതം പരിസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു; അതിന്റെ അഭാവം പല പ്രതികൂലവും ദോഷകരവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. സുസ്ഥിരമായ പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളും ഇല്ലാതെ ഒരാൾക്ക് അതിജീവിക്കാൻ കഴിയില്ല. പ്രകൃതിയോടുള്ള ശത്രുതാ മനോഭാവം മാറ്റിയില്ലെങ്കിൽ ഭൂമിയിലെ മനുഷ്യന്റെ നിലനിൽപ്പ് അപകടത്തിലാകും. അതുകൊണ്ട് നമ്മുടെ വഴികൾ നന്നാക്കി പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതാണ് നല്ലത്. ഇന്നത്തെ ആളുകൾ, പ്രത്യേകിച്ച് യുവജനങ്ങൾ, പരിസ്ഥിതിയെക്കുറിച്ച് ആശങ്കാകുലരാണ്. അതിനാൽ, അക്കാദമിക സഹപാഠ്യ പ്രവർത്തനങ്ങളിലൂടെ നമ്മുടെ പ്രകൃതിയെ സംരക്ഷിക്കേണ്ടത് പ്രധാനമാണ്.

<u>ഇക്കോ ക്ലബ്</u> – ഒരു ദൗത്യത്തോടുകൂടിയ ഒരു പാഠ്യപദ്ധതി. ഇത് വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും അവരുടെ പരിസ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഇന്നത്തെ ആളുകൾ, പ്രത്യേകിച്ച് യുവജനങ്ങൾ, പരിസ്ഥിതിയെക്കുറിച്ച് ആശങ്കാകുലരാണ്. ഈ പ്രശ്നത്തെക്കുറിച്ച് കൂടുതലറിയാൻ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും സ്വയം സംഘടിപ്പിക്കാനും ഉടനടി പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടിയെടുക്കാനും കഴിയുന്ന ഒരു മാർഗമാണ് ഇക്കോ ക്ലബ്.

ഇക്കോ ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ, വിദ്യാർത്ഥികൾക്ക് പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും മാലിന്യങ്ങൾ പരിമിതപ്പെടുത്തുന്നതിനുമുള്ള ശക്തരായ വക്താക്കളാകാൻ കഴിയും. വാസ്തവത്തിൽ, മിക്ക മുതിർന്നവർക്കും കഴിയാത്ത ചില വഴികളിൽ ഇത് സംഭവിക്കാൻ വിദ്യാർത്ഥികൾക്ക് സഹായിക്കാനാകും.

വിദ്യാർത്ഥികൾക്ക് അവരുടെ മാതാപിതാക്കളെ പരിസ്ഥിതിയെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കാൻ ശ്രമിക്കാം. ഇക്കോ ക്ലബ്ബ് വിദ്യാർത്ഥികൾക്ക് അവരുടെ അറിവ് യഥാർത്ഥവും ദൈനംദിനവുമായ ചിന്തയിൽ പ്രയോഗിക്കുമ്പോൾ ക്രിയാത്മകമായി ചിന്തിക്കാൻ പ്രോത്സാഹിപ്പിക്കാനാകും. യഥാർത്ഥ ഉത്തരവാദിത്തങ്ങളിലൂടെ വിദ്യാർത്ഥികളെ പങ്കാളിത്തത്തിൽ ഉൾപ്പെടുത്തുന്നത് ആത്മാഭിമാനം മെച്ചപ്പെടുത്തുന്നു, ഇത് പഠനത്തെ ബാധിക്കുന്നു. വികസിപ്പിച്ചെടുത്ത മനോഭാവം വിദ്യാർത്ഥികളുടെ ജീവിതത്തിലുടനീളം നിലനിൽക്കും. വിദ്യാർത്ഥികൾക്ക് അവർ അഭിമുഖീകരിക്കുന്ന മറ്റ് പരിതസ്ഥിതികളോട് കൂടുതൽ ബഹുമാനവും കൂടുതൽ ശ്രദ്ധയും ഉണ്ടായിരിക്കും.

ഈ സാഹചര്യത്തിൽ, പരിസ്ഥിതിയെക്കുറിച്ച് വ്യത്യസ്തമായി ചിന്തിക്കാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാനും പരിസ്ഥിതി സൗഹൃദമായിരിക്കാൻ പ്രോത്സാഹിപ്പിക്കാനും പ്രകൃതിയെ സംരക്ഷിക്കാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യാനും ഹോളി ഫാമിലി ഹൈസ്കൂൾ അങ്കമാലി ഇക്കോ ക്ലബ് എപ്പോഴും പ്രതിജ്ഞാബദ്ധമാണ്.




ഹോളി ഫാമിലി ഹൈസ്കൂളിലെ ഇക്കോ ക്ലബ്ബ് ഈ അക്കാദമിക വർഷം സ്റ്റാഫ് അംഗം ശ്രീ സജോ ജോസഫിന്റെ നേതൃത്വത്തിൽ വിവിധ ക്ലാസുകളിൽ നിന്നായി 56 വിദ്യാർത്ഥികളെ ചേർത്തു പ്രവർത്തനങ്ങൾ നടത്തി. ഈ അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടന്ന വിവിധ പ്രവർത്തനങ്ങളോടെ ആരംഭിച്ചു. ഹെഡ്മിസ്ട്രസ് റവ. സി. ഡേയ്സ് ജോണിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ നടീലും തുടർന്ന് ഇക്കോ ക്ലബ് അംഗങ്ങൾക്കായി ഓറിയന്റഷൻ ക്ലാസും നടന്നു. പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കുമായി ഓൺലൈനായി പോസ്റ്റർ രചനാ മത്സരവും സംഘടിപ്പിച്ചു.










Save earth
World environment day









  

ജൂൺ 8 ലോക സമുദ്ര ദിനത്തോടനുബന്ധിച്ച് ഇക്കോ ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ വീഡിയോ പ്രസന്റേഷൻ തയാറാക്കി ക്ലാസ് ഗ്രൂപ്പുകളിലേക്ക് നൽകി. കൂടാതെ കുട്ടികൾക്കായി ഡ്രോയിങ് കോമ്പറ്റിഷൻ, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഉപന്യാസ രചന എന്നിവ നടത്തി.

ജൂലൈ 26 കണ്ടൽക്കാടുകളുടെ ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ഹോളി ഫാമിലി സ്കൂളിലും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. കണ്ടൽക്കാടുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി ഇക്കോ ക്ലബ് അംഗങ്ങൾക്കായി പ്രദർശിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട വിവിധ യൂട്യൂബ് വീഡിയോകളുടെ ലിങ്കുകൾ കുട്ടികളുടെ ക്ലാസ് ഗ്രൂപ്പുകളിലേക്ക് നൽകി.

സെപ്റ്റംബർ 16 ഓസോൺ പാളിയുടെ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര ദിനം വിവിധ പ്രവർത്തനങ്ങളോടെ ആചരിച്ചു. ഇക്കോ ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഓസോൺ പാളിയുടെ പ്രാധാന്യത്തെപ്പറ്റി 5 മിനുട്ട് വീഡിയോ പ്രസന്റേഷൻ തയാറാക്കി ക്ലാസ് ഗ്രൂപ്പുകളിലേക്ക് നൽകി. കൂടാതെ പോസ്റ്റർ രചന, ഉപന്യാസ രചന എന്നിവയും നടത്തപ്പെട്ടു.

ഒക്ടോബർ 24 ഐക്യരാഷ്ട്ര ദിനം വിവിധങ്ങളായ ഓൺലൈൻ പ്രവർത്തനങ്ങളോടെ ആചരിച്ചു. വിദ്യാർത്ഥികൾക്കായി "കോവിഡ് മഹാമാരിയുടെ കാലത്ത് ഐക്യരാഷ്ട്ര സംഘടനയുടെ പ്രാധാന്യം" എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം നടത്തി. "ഐക്യരാഷ്ട്രസംഘടനയും കോവിഡ് മഹാമാരിയും" എന്ന വിഷയത്തെ സംബന്ധിച്ച് പോസ്റ്റർ രചനാമത്സരവും സംഘടിപ്പിക്കപ്പെട്ടു.

നവംബർ ഒന്നിന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂളിൽ പി ടി എ യുടെയും അധ്യാപകരുടെയും സ്കൗട്ട് ഗൈഡുകളുടെയും നേതൃത്വത്തിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളിൽ ഇക്കോ ക്ലബ് അംഗങ്ങളും സജീവമായി പങ്കെടുത്തു. ക്ലാസ്സുകളും പരിസരങ്ങളും അണുവിമുക്തമാക്കുകയും ഇക്കോ

ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികൾ സ്കൂളിലെത്തുമ്പോൾ പാലിക്കേണ്ട / ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി പോസ്റ്റർ തയാറാക്കി എല്ലാ ക്ലാസ്സുകളിലും വരാന്തകളിലും ഒട്ടിക്കുകയും ചെയ്തു.

ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. **"Energy Efficient India", "Cleaner Planet"** എന്നീ വിഷയങ്ങളെ ആസ്പദമാക്കി സ്കൂളിൽ പോസ്റ്റർ രചനാ മത്സരവും പ്രസംഗമത്സരവും നടത്തി. ഊർജ്ജം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇക്കോ ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ വീഡിയോ പ്രസന്റേഷൻ തയാറാക്കി.

ഒമൈക്രോൺ വ്യാപനത്തെത്തുടർന്ന് അടച്ചിട്ടിരുന്ന സ്കൂൾ വീണ്ടും തുറക്കുന്നതിനു മുന്നോടിയായി നടത്തിയ ശുചീകരണ–അണുവിമുക്ത പ്രവർത്തനങ്ങളിൽ ഇക്കോ ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി. ക്ലാസ്സുകളിലും പരിസരങ്ങളിലുമുണ്ടായിരുന്ന വിവിധങ്ങളായ വേസ്റ്റുകൾ തരം തിരിച്ച് സ്കൂൾ വേസ്റ്റ് ബിന്നുകളിലും കുഴികളിലും നിക്ഷേപിച്ചു.

മേൽപറഞ്ഞ വിവിധ ദിനാചരണ പ്രവർത്തനങ്ങൾക്ക് പുറമെ സ്കൂളിലെ വിവിധങ്ങളായ പരിസ്ഥിതിസൗഹൃദ പ്രവർത്തനങ്ങളിൽ ഇക്കോ ക്ലബ്ബ് സജീവമായി പ്രവർത്തിച്ചുവരുന്നു. സ്കൂളിലെ ഉദ്യാനപരിപാലനം ക്ലാസ് അടിസ്ഥാനത്തിൽ ഇക്കോ ക്ളബ്ബിന്റെ നേതൃത്വത്തിൽ വളരെ മികച്ച രീതിയിൽ നടന്നുവരുന്നു.






























പൂന്തോട്ട നിർമ്മാണവും പരിപാലനവും നടത്തിവരുന്നതിനു പുറമെ സ്കൂളിൽ ഒരു ജൈവ പച്ചക്കറിത്തോട്ടം ഇക്കോ ക്ളബ്ബിന്റെയും സ്കൗട്ട് ഗൈഡുകളുടെയും നേതൃത്വത്തിൽ പരിപാലിച്ചുവരുന്നു. വിവിധ ഇനം വിളകളുടെ നടീൽ പ്രക്രിയ മുതൽ അതിന്റെ സമയാസമയങ്ങളിലുള്ള പരിപാലനവും വിളവെടുപ്പും വരെ ഇക്കോ ക്ളബ്ബ് അംഗങ്ങളുടെ കൃത്യമായ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

ഇത്തരത്തിൽ ലഭിക്കുന്ന വിളകൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട കുട്ടികൾക്ക് ഉച്ചഭക്ഷണത്തോടൊപ്പം കറിയായി നല്കിപ്പോരുന്നു.



***********